കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ഇ.ഇ.സി. മാർക്കറ്റിന്റെ പണി തീർന്നിട്ടുണ്ട്. മതിലിന്റെ പണി തീർന്നിട്ടില്ല, റോഡിന്റെ പണി തീർന്നിട്ടില്ല. അതിനാവശ്യമായ പണം കൊടുത്ത് ട്രിഡയെ കൊണ്ടുതന്നെ ഇതൊക്കെ ചെയ്യിക്കുന്നതിനാവശ്യമായ സംവിധാനം നടത്തുന്നുണ്ട്. ആ വിധത്തിൽ വേഗം പണി തീർക്കുന്നതാണ്.

(38) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പാലക്കയം-വട്ടപ്പാറ ഹൈഡൽ ഇലക്ട്രിസിറ്റി പ്രോജക്ട് തുടങ്ങേണ്ടത് സംബന്ധിച്ച്

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, എന്റെ നിയോജകമണ്ഡലത്തിലെ തച്ചമ്പാറ പഞ്ചായത്തിലെ പാലക്കയം-വട്ടപ്പാറ മിനി ഹൈഡൽ ഇലക്ട്രിക് പ്രോജക്ടിന്റെ സർവ്വേ പൂർത്തിയായിട്ടുണ്ട്. അത് അടിയന്തിരമായി തുടങ്ങണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, സ്വകാര്യ മേഖലയിൽ നടപ്പിലാക്കാൻ ശുപാർശ ചെയ്തിട്ടുള്ള 61 ചെറുകിട ജലവൈദ്യുത പദ്ധതികളിൽ ലോവർ വട്ടപ്പാറയും അപ്പർ വട്ടപ്പാറയും നടപ്പിലാക്കുന്നതിന് റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻസ് പ്രകാരം യോഗ്യത നേടിയ അപേക്ഷകരിൽ നിന്നും റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ വഴിയാണ് പദ്ധതികൾ അനുവദിച്ച് കൊടുക്കുന്നത്. റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ഇഷ്യു ചെയ്യാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

V. പ്രത്യേക പരാമർശം

വിദ്യാർത്ഥി സംഘടനകളുടെ സമരം ഒത്തുതീർപ്പാക്കൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കഴിഞ്ഞ 12 ദിവസമായി സംയുക്ത വിദ്യാർത്ഥി സമരസമിതിയുടെ നേതൃത്വത്തിൽ നടന്ന സമരം ഗവൺമെന്റിനുപോലും ശക്തമായി എതിർക്കാൻ കഴിയാത്ത വിധത്തിൽ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുക്കൊണ്ടുള്ളതാണ്. വിദ്യാഭ്യാസ കച്ചവടക്കാരുടെ ധാർഷ്ട്യം നിറഞ്ഞ നിലപാട് നിയന്ത്രിക്കുക, ഫീസ് ഏകീകരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയിരുന്ന സമരം ഒരു ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ പിൻവലിച്ചു കഴിഞ്ഞിരിക്കുകയാണ്. എന്നാൽ ആ സമരത്തെ സംബന്ധിച്ച് ഒരു വലിയ കലാപം നടക്കുന്നു, ഗവൺമെന്റിനെ മറിക്കാനാണ് എന്നുള്ള നിലയിലുള്ള കശാപ്പാണ് കുട്ടികളുടെ നേരെ എടുത്തിട്ടുള്ളത്. അതിന്റെ ഫലമായിട്ട് ഇപ്പോൾ 23 കുട്ടികൾ ജയിലിലാണ്. 12 പേർ കോഴിക്കോട്, 6 പേർ എറണാകുളം, 3 പേർ തിരുവനന്തപുരം, 2 പേർ കൊല്ലം എന്നിങ്ങനെ 23 കുട്ടികൾ ഇപ്പോഴും ജയിലിലാണ്. തികച്ചും ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി നടത്തിയ ആ സമരത്തിനെതിരെ അത്യന്തം ക്രൂരമായ നിലയിലുള്ള മർദ്ദനമഴിച്ചുവിട്ടും ഭ്രാന്തൻമാർ കിടക്കുന്ന സ്ഥലത്ത് അവരെ കൊണ്ടിടുകയുമൊക്കെ ചെയ്തിട്ടും അതെല്ലാം സഹിച്ചുക്കൊണ്ട് നടത്തിയ സമരം അവസാനം ഒത്തുതീർപ്പാകുമ്പോഴെങ്കിലും ഒരു സാമാന്യ മര്യാദ അനുസരിച്ച് അവരുടെ പേരിലുള്ള കേസുകളെല്ലാം പിൻവലിച്ച് അവരെ ജയിലിൽ നിന്നും ഇറക്കിവിടാൻ ശ്രമിക്കേണ്ടതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുണ്ടായില്ല എന്നു മാത്രമല്ല ഇപ്പോഴും കീഴ്ക്കോടതികളിൽ കൊടുക്കുന്ന ജാമ്യ വാദത്തെതന്നെ ഗവൺമെന്റിന്റെ പ്ലീഡർമാർ എതിർത്തുകൊണ്ട് ഒരു തരത്തിലും ജാമ്യം കിട്ടാത്ത വിധത്തിലുള്ള സ്ഥിതി തുടരുകയാണ്. അതുകൊണ്ട് അവരെ എത്രയും വേഗം ജയിൽ മോചിതരാക്കുവാനും അവരുടെ പേരിലുള്ള കള്ളക്കേസുകൾ കഴിയുന്നത്ര വേഗം പിൻവലിക്കാനും എപ്പോഴാണ് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതെന്ന് അറിയേണ്ടതായിട്ടുണ്ട്. ഇന്ന് കഴിഞ്ഞാൽ സഭ പിരിയുകയാണ്. അതുപോലെതന്നെ മുത്തങ്ങാ കേസിൽ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സമരത്തെത്തുടർന്ന് ഒട്ടേറെ പേരുടെ, ഏതാണ്ട് പതിനാറായിരത്തിൽപ്പരം ആളുകളുടെ പേരിലാണ് കേസെടുത്തിരിക്കുന്നത്. നാനൂറോളം ആളുകളെ ക്രൂരമായി മർദ്ദിച്ചു. അതു സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നുള്ള നിലയിൽ പറഞ്ഞു പറഞ്ഞ് നീട്ടി നീട്ടി കൊണ്ടുപോയി ഒടുവിൽ അതിൽ നിന്നും ഗവൺമെന്റ് പിൻമാറി. പത്ത് നാന്നൂറുപേരെ ക്രൂരമായി മർദ്ദിച്ചതിൽ നാല് എം. പി.-യും ഒരു എം.എൽ.എ.-യുമുണ്ട്. അവരെയൊക്കെ വളരെ ക്രൂരമായി ആക്രമണം നടത്തിയതിനുശേഷം ഒരാളുടെ പ്രശ്നം അന്വേഷിക്കാമെന്നുള്ള നിലയിൽ ഞങ്ങളെ പരിഹസിക്കുന്ന തരത്തിലുള്ള ഒരു നിർദ്ദേശം വച്ചുകൊണ്ട് ഗവൺമെന്റ് അതിൽനിന്നും പിൻമാറുക യാണുണ്ടായത്. അത് സംബന്ധിച്ച് ഗവൺമെന്റ് എന്താണ് ചെയ്യാൻ പോകുന്നത്. അസംബ്ലി നടക്കുന്ന സന്ദർഭത്തിൽ കൂടെക്കൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുവാൻ കഴിയുമായിരുന്നു. ഒത്തുതീർപ്പിനു വിധേയകരമായ കാര്യങ്ങൾ എടുക്കുമ്പോൾ തന്നെ ഇത് കലാപമാണ്, ഗവൺമെന്റിനെ മറിച്ചിടാനാണെന്ന് പറയും. ഒരു സമരം തുടങ്ങുമ്പോൾ തന്നെ നിങ്ങൾ ഭീതിപ്പെടുകയാണ്. ഞാൻ നിങ്ങളോട് പറഞ്ഞല്ലോ കരഞ്ഞോ കാലുപിടിച്ചോ പ്രശ്നം തീർത്താൽ ഭയം ഇല്ല. ആ നിലയിൽ നടക്കുന്ന ന്യായമായ സമരങ്ങളെ നിങ്ങൾ ഈ നിലയിൽ കാണുന്നത് ഇനിയെങ്കിലും അവസാനിപ്പിക്കണം. എസ്. പി. മാർച്ചിനെത്തുടർന്നുണ്ടായ ക്രൂരമർദ്ദനത്തെ സംബന്ധിച്ച് എന്താണ് നിങ്ങൾ ചിന്തിക്കുന്നത്? അതുപോലെതന്നെ പരമ്പരാഗത വ്യവസായത്തിലെ തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടി പത്ത്, അഞ്ഞൂറ് കോടി രൂപ നീക്കിവച്ചു. അതിൽ ഒരു നാലു കാശ് പോലും ചെലവ് ചെയ്തിട്ടില്ല. കശുവണ്ടിയുടെ കാര്യത്തിൽ ഇപ്പോൾ ഒരു നിലപാടെടുത്തു. അത് സന്തോഷകരമായ കാര്യം തന്നെ. ഞാൻ പറഞ്ഞത് ഈ അസംബ്ലി കഴിഞ്ഞതിനുശേഷം ഇതേ സംബന്ധിച്ചൊക്കെ ഒരു സമരത്തിലേക്ക് പോകണമോ അതോ അത് ഒഴിവാക്കി പ്രശ്നം തീർക്കാനുള്ള സാദ്ധ്യതയുണ്ടോ എന്ന് അറിഞ്ഞിട്ട് പോകാമെന്ന് വിചാരിച്ചാണ്. ഇതിനെ സംബന്ധിച്ചൊക്കെ മുഖ്യമന്ത്രിയുടെ സമീപനം എന്താണ്? ഈ സഭ പിരിഞ്ഞതിനുശേഷം ഉടനെതന്നെ കമ്മിറ്റി കൂടി സമരത്തിലേക്ക് പോകണമോ അതോ നമുക്ക് ഇതിനെസംബന്ധിച്ച് ന്യായമായ നിലയിൽ ഒരു പരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിച്ചിട്ട് പോകാമോ? ഇതറി യുവാൻ വേണ്ടിയാണ് ഞാൻ ചോദിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഇന്ന് ഇപ്പോൾ സഭ മാത്രമേ പിരിയുന്നുള്ളു. നമ്മൾ പിരിയുന്നില്ല. അങ്ങനെ പിരിയാൻ ഞങ്ങൾ ഉദ്ദേശിക്കുന്നതുമില്ല. നമുക്ക് ഇനിയും ചർച്ച തുടരാം. നിങ്ങൾ ചായ കുടിക്കാൻ വിളിച്ചാൽ അങ്ങയുടെ കൂടെയും വന്ന് അവിടെവച്ച് ചർച്ച ചെയ്യാനും തയ്യാറാണ്. എനിക്ക് അങ്ങനെയൊരു

ദുരഭിമാനമൊന്നും ഇല്ല. ചർച്ച ഇനിയും തുടരാം. ഈ ഗവൺമെന്റിന്റെ സമീപനം അതാണ്. പ്രതിപക്ഷ നേതാവ് ഞങ്ങളെയെല്ലാപേരെയും ഒരു ദിവസം ചായ കുടിക്കാൻ വിളിക്ക്; ഞങ്ങൾ എല്ലാ പേരുംകൂടി അങ്ങോട്ട് വരാം. ഒരു കുഴപ്പവുമില്ല. ചർച്ചകൾ ആരംഭിക്കാം. നമുക്ക് ചില പുതിയ രീതികൾ ആകാം. ഞാൻ വച്ച വാഴയൊക്കെ അവിടെയുണ്ട്. വേണമെങ്കിൽ അതിന്റെ ഒരു കുല കൂടി തന്നാൽ ഞാൻ വാങ്ങാം. എന്റെ വീട്ടിലെ കുല ഞാൻ അങ്ങോട്ടും കൊടുത്തയക്കാം. നമ്മൾ പിരിയുകയല്ല. സഭ പിരിഞ്ഞുവെങ്കിലും പ്രതിപക്ഷവുമായി പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാനാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ചർച്ചകളിൽക്കൂടി പരിഹരിക്കാൻ കഴിയുന്ന കാര്യങ്ങൾ പരിഹരിക്കാം. പരമ്പരാഗത മേഖലയിലെ കാര്യങ്ങളെക്കുറിച്ച് പ്രതിപക്ഷ നേതാവിനുള്ള ഉത്കണ്ഠ ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ട്. ആ ഉത്കണ്ഠ ഗവൺമെന്റിനുമുണ്ട്. അതുകൊണ്ടാണ് 500 കോടി രൂപ പരമ്പരാഗത മേഖലയിലെ കയർ, കൈത്തറി, കശുവണ്ടി അതിനുവേണ്ട ഒരു പരിപാടിയുണ്ട്. 50 കോടി രൂപ ഇക്കൊല്ലം തീർച്ചയായിട്ടും ആദ്യം മുടക്കും. കഴിയുമെങ്കിൽ അതിനേക്കാൾ കൂടുതൽ മുടക്കും. അതിൽ നിന്നും യാതൊരു കാരണവശാലും പുറകോട്ട് പോകുകയില്ല. ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ പരമ്പരാഗത മേഖലയിൽ ചെയ്യുമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുകയാണ്. എന്തെങ്കിലുമൊക്കെ സംശയങ്ങളുണ്ടെങ്കിൽ സഭ പിരിഞ്ഞതിനു ശേഷവും അത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റിന് ഒരു മടിയും ഇല്ല. ഞങ്ങൾ എപ്പോഴും അതിന് തയ്യാറായിരിക്കും. മുത്തങ്ങ കേസ്സുമായി ബന്ധപ്പെട്ട് ഞാൻ എന്തെങ്കിലും പറഞ്ഞാൽ വേദനിപ്പിക്കാനാണെന്നോ പ്രലോഭിപ്പിക്കാനാണെന്നോ പറയരുത്. 18 പേർ മുതൽ 20 പേർ വരെ മരിച്ചുവെന്ന് ഇവിടെ പറയുകയുണ്ടായി. ഏറ്റവും ഒടുവിൽ ഒരാളേ മരിച്ചിട്ടുള്ളൂവെന്ന് സമരസമിതി നേതാക്കൾതന്നെ പറഞ്ഞു. എനിക്ക് കിട്ടിയ ഇൻഫർമേഷൻ ആദ്യം മുതലേ എല്ലാം പൂർണ്ണമായും ശരിയായിരുന്നില്ല. ഞാൻ ആദ്യം മുതലേ ഒരാളാണ് മരിച്ചതെന്ന് പറഞ്ഞു. ഇപ്പോൾ സമര സമിതി നേതാക്കൾ പറയുന്നു വെടിവയ്പിൽ ഒരാളേ മരിച്ചിട്ടുള്ളൂവെന്ന്. അതാണ് സത്യം. അതിനുവേണ്ടി ഇങ്ങനെ പ്രശ്നമുണ്ടായി. പ്രക്ഷോഭത്തിന്റെ ഫലമായി പ്രയാസങ്ങളും കഷ്ടപ്പാടുമുണ്ടായി. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം എല്ലാ കാലത്തും അക്രമപരമായ കേസ്സുകൾ പിൻവലിക്കുകയില്ല. അതല്ലാതെ മറ്റു തരത്തിലുള്ള കേസ്സുകൾ പിൻവലിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് കടുംപിടുത്തമില്ല. അക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. കടുത്ത അക്രമം അല്ലാത്ത കേസ്സുകൾ തീർച്ചയായും അനുഭാവപൂർവം പരിശോധിക്കാം. ജയിലിൽ കിടക്കുന്ന വിദ്യാർത്ഥികളെ കോടതി റിമാന്റ് ചെയ്തിരിക്കുകയാണ്. വിദ്യാർത്ഥി സമരം ഉണ്ടാകാൻ ഇടയായതുതന്നെ നിർഭാഗ്യകരമായിപ്പോയി. സമരത്തിനു മുമ്പ് ഒരു ദിവസം അവർ എന്നെ കാണണമെന്നു പറഞ്ഞു. സത്യം പറഞ്ഞാൽ ഞാൻ അന്നൊരു ആയുർവേദ ചികിത്സയിലായിരുന്നു. എന്നിട്ടും അവരുടെ സമരമായതുകൊണ്ട് ഞാൻ അവരെ വീട്ടിൽ വിളിച്ചു. നിങ്ങൾ കുറേക്കൂടി ക്ഷമിക്കൂ. സുപ്രീം കോടതി ജഡ്ജ്മെന്റ് വന്നതിനുശേഷം ഞങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുമായി കൂടിയാലോചിച്ച് പരിഹരമുണ്ടാക്കാമെന്ന് ഞാൻ പറഞ്ഞുവെങ്കിലും അവർ സമരത്തിലേക്ക് പോയി. ഏതായാലും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പ്രതിപക്ഷ നേതാവും ശ്രീ. കോടിയേരി ബാലകൃഷ്ണനും എല്ലാപേരും കൂടി താല്പര്യമെടുത്ത് ചർച്ച ചെയ്ത് പ്രശ്നത്തിന് രമ്യമായ പരിഹാരം ഉണ്ടാക്കിയിരിക്കുന്നു. ഒരു പോസ്റ്റ്മോർട്ടം നടത്തി അങ്ങോട്ടുമിങ്ങോട്ടും ശരിയേത് തെറ്റേത് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇപ്പോൾ റിമാന്റ് ചെയ്തിരിക്കുന്ന കേസ്സുകളെ സംബന്ധിച്ച് കോടതി തീരുമാനമനുസരിച്ചേ എന്തെങ്കിലും ചെയ്യാൻ പറ്റൂ. അതിന് നിയമപരമായ മാർഗ്ഗങ്ങൾ കണ്ടെത്തണം. അക്രമമുള്ള കേസ്സുകൾ വിത്ത്ഡ്രോ ചെയ്യുകയെന്നു പറഞ്ഞാൽ.....(ബഹളം)..... നമ്മൾ പിരിയുന്ന ദിവസം തർക്കിക്കേണ്ട. അക്രമ സ്വഭാവമുള്ള കേസ്സുകൾ പിൻവലിക്കുകയില്ല. മറ്റ് കേസ്സുകൾ പരിശോധിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച സ്ഥിതിക്ക് ഞാൻ പറയുകയാണ്, ഈ സമരത്തിനെ നയിച്ചവർ എന്നുള്ള നിലയിൽ നിങ്ങൾ ഒരു ആത്മപരിശോധന നടത്തണം. പോലീസുകാരുടെ കാര്യത്തിൽ നിങ്ങൾ താല്പര്യം കാണിക്കുന്നവരാണ്. പോലീസുകാർ നമ്മുടെ ഭരണത്തിന്റെ ഭാഗമാണ്. ഈ സംസ്ഥാനത്തെ ജനങ്ങളുടെ സ്വത്തും ജീവനും അന്തസ്സും മാന്യതയും കാത്തുസൂക്ഷിക്കാൻ വേണ്ടി നാം നിയോഗിച്ചിട്ടുള്ള നിയമ പാലകരാണ് പോലീസുകാർ. ഈ സമരം പ്രധാനമായും പോലീസുകാർക്ക് നേരെ യായിരുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെ പോലീസുകാരെ ഒറ്റതിരിച്ച് ആക്രമിച്ച് പരിക്കേല്പിക്കുന്ന സംഭവം ഇതുവരെ ഉണ്ടായിട്ടില്ല. ഈ സമരത്തിന്റെ ഫലമായി 243 പോലീസുകാർക്ക് സീരിയസ്സായി പരിക്കു പറ്റി. രണ്ട് പോലീസുകാരുടെ കാഴ്ചശക്തി പോയി. ഇന്നത്തെ പത്രത്തിലുണ്ട്. പോലീസുകാരെ ഈ നിലയിൽ ആക്രമി ക്കുന്നത് ശരിയാണോ? 243 പോലീസുകാർ ഗുരുതരമായ പരിക്കേറ്റ് ആശുപത്രിയിൽ കഴിയുകയാണ്. രണ്ട് പോലീസുകാരുടെ കാഴ്ചശക്തി നഷ്ടപ്പെട്ടിരിക്കുകയാണ്. വനിതാ പോലീസ് അടക്കമുള്ള പല പോലീസുകാരുടേയും കയ്യും കാലും തല്ലി ഒടിച്ചിരിക്കുന്നു. .....(ബഹളം).....

മി. സ്പീക്കർ: Nothing will go in record.

ശ്രീ. എ. കെ. ആന്റണി: നിയമ സമാധാനം പാലിക്കാൻ വേണ്ടി ചുമതലപ്പെടു ത്തിയിട്ടുള്ള വനിതാ പോലീസ് ഉൾപ്പെടെയുള്ളവരുടെ കയ്യും കാലും അടിച്ചൊടി ക്കുന്ന സമരമുറയെ നാം പ്രോത്സാഹിപ്പിക്കണോ? പോലീസുകാരും മനുഷ്യരല്ലേ? പോലീസുകാർക്കും മാനുഷിക പരിഗണന കൊടുക്കണ്ടേ? ഈ സമരത്തിന്റെ ഫലമായി രണ്ടു കോടിയിൽപ്പരം ഉറുപ്പികയുടെ സ്വത്ത് നശിച്ചിരിക്കുകയാണ്. ന്യായമായ എല്ലാ സമരങ്ങളേയും പ്രോത്സാഹിപ്പിക്കാൻ തയ്യാറാണ്, സ്വീകരിക്കാൻ തയ്യാറാണ്. ദയവു ചെയ്ത് ഇനിയെങ്കിലും അക്രമം അഴിച്ചുവിടുന്ന സമരങ്ങൾ, കലാപമെന്നു പറയാവുന്ന സമരങ്ങൾ നടത്താൻ ഇടവരരുത്. ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട്

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും ആവർത്തിക്കുകയാണ്. വേണമെങ്കിൽ സമരകാലത്തു നടന്ന കാര്യങ്ങളെ കുറിച്ചുള്ള വീഡിയോ ചിത്രങ്ങൾ എം.എൽ.എ.-മാരും പത്രക്കാരും എല്ലാപേരും കൂടി പരിശോധിക്കട്ടെ. പരിശോധിച്ച് നമുക്ക് തീർപ്പ് കല്പിക്കാം. അതുകൊണ്ട് ഇത്തരം സമരങ്ങൾ ഒഴിവാക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോലീസുകാർ വിദ്യാർത്ഥികളോട് ചെയ്തതിന്റേയും വീഡിയോ ചിത്രങ്ങൾ കാണിക്കണം. രണ്ടും കാണിക്കണം.

ശ്രീ. എ. കെ. ആന്റണി: അക്രമ സ്വഭാവമില്ലാത്ത കേസ്സുകൾ ഗവൺമെന്റ് തീർച്ചയായും പരിശോധിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഏതായാലും പോലീസുകാരുടെ നേരെ നടന്ന കാര്യങ്ങളെ സംബന്ധിച്ച് പറഞ്ഞു. പെൺകുട്ടികൾക്കുനേരെ പോലും നടന്ന ഹീനമായ പോലീസ് അതിക്രമത്തെ സംബന്ധിച്ച് നിങ്ങൾക്ക് ഒന്നും പറയാനില്ലായിരുന്നു. ഏതായാലും നിങ്ങളുടെ അടുക്കളയിൽവരെ ഉള്ളവരുടെ പ്രശ്നത്തിന് പരിഹാരമായി എന്നുള്ളത് നിങ്ങൾക്ക് ആശ്വസിക്കാൻ കഴിയുന്ന തരത്തിൽ ഈ സമരം കൊണ്ട് ഉണ്ടായി എന്നുള്ളത് ഓർമ്മ വേണം.

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. അക്രമ സ്വഭാവമില്ലാത്ത കേസ്സുകൾ തീർച്ചയായും പരിശോധിക്കാം. ഞങ്ങളെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഇതുവരെ മനസ്സിലായിട്ടില്ല. ഞങ്ങൾ ഇടക്കിടയ്ക്ക് തർക്കിക്കും. ആവശ്യം വരുമ്പോൾ ഞങ്ങൾ ഒന്നാകും. ഞങ്ങളുടെ പ്രശ്നങ്ങൾ ഞങ്ങൾ പരിഹരിച്ചുകൊള്ളാം. ഞങ്ങളുടെ കാര്യങ്ങൾ എന്തെങ്കിലും പ്രതീക്ഷിച്ച് പരിപാടി തയ്യാറാക്കരുത്. ഞങ്ങൾ കാര്യം വന്നാൽ ഒന്നാകും. ഇനിയും ഒന്നാകും. ഇപ്പോഴും തർക്കങ്ങൾ ഉണ്ട്. കുടുംബത്തിലെ സഹോദരങ്ങൾ തമ്മിലുള്ള പ്രശ്നമാണ്. നിങ്ങൾ ഒന്നും പ്രതീക്ഷിക്കണ്ട.

മി. സ്പീക്കർ: .....ഓർഡർ.....ഓർഡർ.....

VI. PAPERS LAID ON THE TABLE

I. Minister for Works (**Shri M. K. Muneer**): Sir, on behalf of the Minister for Local Self Government I lay on the Table:

Annual Report of Kerala Urban Development Finance Corporation Ltd. for the year 2000-2001 together with the statement showing the reasons for delay in submitting the same.

II. Minister for Labour and Rehabilitation (Shri Babu Divakaran): Sir, on behalf of the Minister for Transport I lay on the table:

LIBRARY ARCHIVES Kerala Legislative Assembly